# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 20.06.2013 ൽ മറുപടിയ്ക്കുണ്ടായിരുന്നത്

നിയമസഭാ ചോദ്യം നം. 2647

**പുതുതായി ആരംഭിച്ച സർക്കാർ സ്കൂളുകൾ**

| ചോദ്യം<br>ശ്രീ.പി. തിലോത്തമൻ | | ഉത്തരം<br>ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
|---|---|---|
| (എ) ഈ സർക്കാരിന്റെ കാലയളവിൽ പുതുതായി ആരംഭിച്ച സർക്കാർ സ്കൂളുകൾ ഏതെല്ലാമാണെന്നും അവ ഏതെല്ലാം ജില്ലകളിലാണെന്നും വ്യക്തമാക്കുമോ; | (എ) | സർക്കാർ പുതുതായി സ്കൂളുകൾ ആരംഭിച്ചിട്ടില്ല. |
| (ബി) ഈ സർക്കാർ അനുവദിച്ച പുതിയ എയ്ഡഡ് സ്കൂളുകൾ ഏതെല്ലാമാണെന്നും അവ ഏതെല്ലാം ജില്ലകളിലാണെന്നും വിശദമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ എയ്ഡഡ് സ്കൂളുകൾ അനുവദിച്ചിട്ടില്ല. 11 സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) ഈ സർക്കാരിന്റെ കാലയളവിൽ എത്ര പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കപ്പെട്ടു എന്നും എത്രപേരെ പുതുതായി നിയമിച്ചു എന്നും വ്യക്തമാക്കുമോ; | (സി) | ഗവൺമെന്റ് സ്കൂളുകളിൽ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ ജൂനിയറിന്റെ 311 തസ്തികകളും ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ - ന്റെ 27 തസ്തികകളും സൃഷ്ടിച്ച് പി.എസ്.സി. മുഖേന നിയമനം നടത്തിയിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിൽ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ ജൂനിയറിന്റെ 1768 തസ്തികകളും ഹയർ സെക്കന്ററി സ്കൂൾ ടീച്ചറുടെ 114 തസ്തികകളും പ്രിൻസിപ്പലിന്റെ 146 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. പ്രസ്തുത തസ്തികകളിൽ നിയമിച്ച അദ്ധ്യാപകരിൽ 1524 പേർക്ക് നിയമന അംഗീകാരം നൽകിയിട്ടുണ്ട്. |
| (ഡി) ലാഭകരമല്ലെന്ന കാരണത്താലോ കുട്ടികൾ കുറവാണെന്ന കാരണത്താലോ, ഈ സർക്കാർ, സ്കുളുകൾ അടച്ചുപൂട്ടിയിട്ടുണ്ടോ; സ്കൂളുകളുടെ പേരുകൾ ലഭ്യമാക്കുമോ? | (ഡി) | ഒരു കുട്ടിയും പഠിക്കാൻ ഇല്ലെന്ന കാരണത്താൽ എറണാകുളം ജില്ലയിലെ കലൂർ ഷറഫുൾ ഇസ്ലാം യു.പി. സ്ക്കൂൾ സർക്കാർ ഉത്തരവ് നം.ജി.ഒ. (ആർ.ടി.) 4656/12/പൊ.വി. തീയതി 29/09/2012 പ്രകാരം അടച്ചു പൂട്ടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

[redacted]

## അനുബന്ധം

**എയിഡഡ് പദവി അനുവദിച്ച അംഗീകൃത അൺ എയിഡഡ് സ്കൂളുകൾ**

1. ഫാദർ അഗസ്റ്റീനോ വിസിനിസ് സ്പെഷ്യൽ സ്കൂൾ, മുണ്ടംവേലി, മട്ടാഞ്ചേരി, എറണാകുളം ജില്ല.
2. ജ്യോതിവെൻ സ്കൂൾ ഫോർ ദി ഹിയറിംഗ് ഇമ്പയേർഡ്,ചായോത്ത്, നീലേശ്വരം, കാസറഗോഡ് ജില്ല.
3. റോയൽ സ്കൂൾ, നെല്ലിക്കുഴി, കോതമംഗലം, എറണാകുളം ജില്ല.
4. ദീപാലയം സ്പെഷ്യൽ സ്കൂൾ, പെരിന്തൽമണ്ണ, മലപ്പുറം ജില്ല.
5. റോട്ടറി സ്കൂൾ ഫോർ ദി ഹിയറിംഗ് ഇമ്പയേർഡ്, വടകര, കോഴിക്കോട് ജില്ല.

**ഹൈസ്കൂൾ വിഭാഗത്തിന് എയിഡഡ് പദവി അനുവദിച്ച സ്കൂളുകൾ**

1. പരപ്പനങ്ങാടി ഡഫ് സ്കൂൾ, മലപ്പുറം, മലപ്പുറം ജില്ല.
2. കാരുണ്യ ഭവൻ, വാഴക്കാട്, മലപ്പുറം, മലപ്പുറം ജില്ല.
3. ബഡ്സ് സ്കൂൾ, നിലമ്പൂർ, മലപ്പുറം, മലപ്പുറം ജില്ല.

**ഹയർ സെക്കൻഡറി വിഭാഗത്തിന് എയിഡഡ് പദവി അനുവദിച്ച സ്കൂളുകൾ**

1. സ്കൂൾ ഫോർ ദി ഡഫ്, ഏനാത്ത്, പത്തനംതിട്ട ജില്ല.
2. ഡെഫ് ഹയർ സെക്കൻഡറി സ്കൂൾ, നീർപ്പാറ, കോട്ടയം ജില്ല.
3. സെന്റ് ക്ലെയർ ഓറൽ സ്കൂൾ ഫോർ ദി ഡഫ്, മാണിക്യമംഗലം, എറണാകുളം ജില്ല.

Section officer.